# വെറുമൊരു സായാഹ്നവാർത്ത

സാബു ഹരിഹരൻ

വൈശാഖൻ നടന്നു, ചുട്ടുപൊള്ളുന്ന വെയിലിനുള്ളിലൂടെ. വെയിലിനു തീ നാവുകളുണ്ടെന്നും, ധരിച്ചിരുന്ന കോട്ടൻ ഷർട്ടിനടിയിൽ വിയർപ്പിന്റെ ഒരു ഉടുപ്പ് കൂടി താനണിയുന്നുണ്ടെന്നുമയാൾക്ക് തോന്നിത്തുടങ്ങിയിരുന്നു. വഴിയിൽ ഒരു ചെറിയ കുട്ടി പ്ലാസ്റ്റിക് കവറിൽ സ്വർണ്ണമത്സ്യങ്ങളെ വിൽക്കുന്നതു കണ്ടപ്പോൾ രാവിലെ ടിവിയിൽ കണ്ട പരസ്യമോർത്തു. പരസ്യത്തിന്റെ തുടക്കം ജലത്തിനുള്ളിൽ നിന്നാണ്. ഉയർന്നു പോകുന്ന കുമിളകൾ. ഊളിയിട്ട് വന്നൊരു മത്സ്യം പറയുന്നു "ഓർമ്മശക്തിക്ക് ഫിഷ് ടാബ്ലറ്റ്സ്!". അതൊരു അനിമേഷനായിരുന്നു. മത്സ്യത്തിനു ചിരിക്കുന്ന മുഖം. അതു വളഞ്ഞും പുളഞ്ഞും ഉല്ലസിച്ച് നീന്തുന്നു. പാറക്കല്ലുകൾക്കിടയിൽ, ഒരു മാദക നർത്തകിയെ അനുസ്മരിപ്പിച്ച് പുളയുന്ന ജലസസ്യങ്ങൾക്കിടയിലൂടെ, ഉത്സാഹത്തോടെ അത് നീന്തി പോകുന്നു. ശേഷം ഒരു കുപ്പി പ്രത്യക്ഷമായി. ആ സ്ഫടികക്കുപ്പിയും ജലത്തിനുള്ളിലാണ്. കുപ്പിക്കുള്ളിൽ നിറയെ സ്വർണ്ണനിറമുള്ള ഗുളികകൾ. അവ വെളിച്ചമേറ്റ് വെട്ടിത്തിളങ്ങുന്നു.
"റബ്ബിഷ്!" വൈശാഖൻ പല്ലു ഞെരിച്ചു.
ഏതവനാണ് ഈ പരസ്യത്തിന്റെ പിതാവ്?. വിൽക്കപ്പെടുന്ന ജീവനുകളിലേക്ക് ചിന്ത പടി കയറി പോയി. ഒരു ജീവനു മറ്റൊരു ജീവനെ വിൽക്കാനെന്തവകാശം?. ഒരു ചെറിയ ജീവൻ വിൽക്കപ്പെടുന്നതിലെന്ത് തെറ്റ്?. വലിയ ജീവനുകൾക്കല്ലെ വിലയുള്ളൂ?. അതു പോര, മനുഷ്യരൂപവും വേണം. അതും പോരാ, ചില മനുഷ്യരുടെ ജീവനുകൾക്കു മാത്രമല്ലെ വിലയുള്ളൂ?. അയാൾ സ്വയം ശപിച്ചു. ചിന്തകൾ..ഇരുതല മൂർച്ചയുള്ള ആയുധങ്ങൾ. ചിന്തിക്കും തോറും മുറിവുകളുടെ എണ്ണം കൂടുന്നു. "നാശം".. നടക്കുന്നതിനിടയിൽ ആ വാക്ക് ഉറക്കെയുച്ചരിച്ചു. കടിച്ചു പിടിച്ച, പുകക്കറ പിടിച്ച, പല്ലുകൾക്കിടയിൽ കിടന്നാ വാക്കു പുളഞ്ഞു. ഒരു സായാഹ്നപത്രത്തിനു വേണ്ടി ഒരു വാർത്തയുടെ പിന്നാലെ നടക്കുകയാണയാൾ. സായാഹ്നത്തിലൂടെ നടന്നു ചെന്ന് ദിനപത്രത്തിൽ ചെന്നു കയറണം - അതാണാഗ്രഹം. അതിനു മുൻപ് വാർത്തകളുടെ നിർമ്മാണരഹസ്യം പഠിച്ചെടുക്കണം. കാഴ്ച്ചകളിൽ നിന്നും, ശബ്ദങ്ങളിൽ നിന്നും വാർത്തകൾ ഇഴപിരിച്ചെടുക്കാൻ പഠിക്കണം. വാർത്തകളെ കഥകളാക്കുകയും, കഥകളെ വാർത്തകളാക്കുകയും ചെയ്യുന്ന മാന്ത്രികവിദ്യയുടെ രഹസ്യക്കൂട്ടറിയണം. കാലത്തിനൊപ്പം കുതിര പോലെ കുതിക്കണം.

ബസ്സിറങ്ങി ശബ്ദങ്ങളും നിറങ്ങളും കൂടിക്കലർന്ന വഴികളിലൂടെ നടന്നു. ചില സമയങ്ങളിലയാൾ സ്വയം ശപിച്ചു. മറ്റു ചിലപ്പോൾ മറ്റുള്ളവരെ അവർ കാണാതെ നോക്കി രസിച്ചു. വാർത്തകളെക്കുറിച്ചായി ആലോചന. ദുരന്തത്തിന്റെ ഉരുക്കുക്കൈ പതിച്ച്, അവശരായിരിക്കുന്നവരെയാണ് പത്രത്തിനാവശ്യം. വായനക്കാർക്ക് ചില വാർത്തകളോട് ഒരു പ്രത്യേക തരം ആഭിമുഖ്യമുണ്ട്, ആസക്തിയോളം പോന്ന ആഭിമുഖ്യം. അതാരും പഠിപ്പിച്ചു കൊടുക്കുന്നതല്ലെന്നാണ് അയാൾക്ക് തോന്നിയിട്ടുള്ളത്. ഒരു തരം സാമൂഹ്യമനശ്ശാസ്ത്രമെന്നൊക്കെ പറയാമായിരിക്കാം. അപകടങ്ങൾ, കൊലപാതകം, ബലാത്സംഗം, മോഷണം, കവർച്ച ഈ വിഷയങ്ങൾ വായിക്കാനാണ് ഭൂരിപക്ഷത്തിനും താത്പര്യം. അതും വെറും ഒരു ബോക്സ് വാർത്ത കൊണ്ട് തൃപ്തിപ്പെടില്ല. വായിക്കുകയല്ല, വായിച്ചാസ്വദിക്കുകയാണെല്ലാവരും. വിശദമായ വാർത്തയാണ് പ്രതീക്ഷിക്കുന്നത്. ചിത്രങ്ങളുമുണ്ടെങ്കിൽ അവരുടെ മനസ്സ് നിറയും. അവർ അത്തരം വാർത്തകൾ ഇഷ്ടപ്പെടുന്നു എന്ന് പറയുകയില്ല പക്ഷെ ഈ വാർത്തകളുടെ സകല വിശദാംശങ്ങളും അറിയാൻ അത്തരം വാർത്തകൾ നിരത്തുന്ന പത്രത്താളുകൾ തേടി പോകും. അപകടമാണെങ്കിൽ മരിച്ചയാളുടെ പ്രായം, ഫോട്ടോ, അവയവങ്ങൾക്ക് പറ്റിയ ക്ഷതങ്ങൾ. വിവാഹിതനാണെങ്കിൽ എത്ര നാൾക്ക് മുൻപാണ് വിവാഹം കഴിഞ്ഞത്?. കുട്ടികളുണ്ടെങ്കിൽ എത്ര കുട്ടികൾ? കുട്ടികളുടെ പ്രായം - ഇതൊക്കേയും വേണം. മരണങ്ങളുടെ എണ്ണം കൂടുന്നതിനനുസരിച്ച് ചിത്രങ്ങളുടെ എണ്ണം കൂടണം. ഇടിയേറ്റ വാഹനം വന്ന വഴി. ഇടിച്ച വാഹനം വന്ന വഴി..അങ്ങനെ. എങ്കിലേ വാർത്ത പൂർണ്ണമാവൂ. ബലാത്സംഗം എന്നു പറഞ്ഞാൽ പോരാ, അതിനു മുന്നിൽ "ക്രൂരമായി" എന്നു കൂടി ചേർക്കണം. ക്രൂരമല്ലാത്ത ബലാത്സംഗങ്ങളുണ്ടോ?.
"ശവംതീനികൾ" അയാൾ പിറുപിറുത്തു.

“താനിപ്പോ എങ്ങനെ സർക്കുലേഷൻ കൂട്ടാം എന്നു മാത്രം ആലോചിച്ചാൽ മതി. ഈ പറയുന്നതൊക്കെ ശരി തന്നെ. ഈ ഞാനും ഒരിക്കൽ അങ്ങനെയൊക്കെ വിചാരിച്ചിരുന്നതാ. പക്ഷെ അങ്ങനെ പറഞ്ഞോണ്ട് നടന്നിരുന്നേൽ ഈ സ്ഥാപനം ഇന്നുണ്ടാവില്ലായിരുന്നു. ഇന്നിപ്പോൾ ഇതാണെന്റെ കഞ്ഞി.”
സുഗുണൻ സാർ ഇങ്ങനെയാണ് വൈശാഖനോട് പ്രതിരോധിക്കുക. ഉപദേശത്തിനൊപ്പം ചിലപ്പോൾ കറൻസിനോട്ടുകൾ പോക്കറ്റിൽ തിരുകി വെച്ചു കൊടുക്കാറുമുണ്ട്. “ഇനി വാക്കും വിചാരവും വേണ്ട, വായടച്ച് പണി ചെയ്തു കൊള്ളുക” - അതാണാ തിരുകിവെക്കലിന്റെ അർത്ഥം.

ആഴ്ച്ചകൾക്ക് മുൻപു നടന്ന ഒരു സംവാദസംഭാഷണം വൈശാഖനോർത്തെടുത്തു. സുഗുണൻ സാർ ഉപദേശകന്റെ കുപ്പായമണിയുമ്പോൾ കാണാനും കേൾക്കാനും രസമാണ്.
“വൈശാഖൻ, നമുക്ക് ചുറ്റും വാർത്തകളാണ്. അതു കാണാൻ മറ്റൊരു കണ്ണാണ് വേണ്ടത്. കാണുന്നതെല്ലാം വാർത്തകളായി കാണാൻ പഠിച്ചാൽ മതി. എന്തും ഏതും എങ്ങനെ വാർത്തകളാക്കാം എന്നു മാത്രം ചിന്തിച്ചാൽ മതി. കാര്യങ്ങളെളുപ്പമാവും. പിന്നെ ഒരു കാര്യം, നമ്മൾ മലയാളികൾ മാത്രമല്ല, ഏതു രാജ്യത്തെ മനുഷ്യരും കഥകൾ ഇഷ്ടപ്പെടുന്നവരാണ്. ആ ഒരു കാര്യത്തിൽ എല്ലാ രാജ്യത്തിലെ മനുഷ്യരും ഒരു പോലെയാണ്. ഏത് വാർത്തയാണ് ആളുകളെ ആകർഷിക്കുന്നത്?. പത്രത്തിൽ അവാർഡിനെ കുറിച്ചുള്ള വാർത്തയാണോ ഇരട്ട കൊലപാതകത്തെ കുറിച്ചുള്ള വാർത്തയാണോ ആളുകൾ വായിക്കാൻ ഇഷ്ടപ്പെടുന്നത്?. കുടിവെള്ള പ്രശ്നമാണോ സച്ചിൻ സെഞ്ചുറി അടിച്ചതാണൊ ആളുകൾ വായിക്കാൻ ഇഷ്ടപ്പെടുന്നത്?.“
അന്ന് അതെല്ലാം കേട്ട് വൈശാഖൻ തേച്ച് കൂർപ്പിച്ച് വെച്ച ചോദ്യങ്ങൾ കൂടി പുറത്തെടുക്കാൻ മറന്നു.

“പത്രോം വാരികേം മറ്റോം വിറ്റു പോണത് അതൊക്കെ വായിക്കാൻ ആളുകൾ ഉള്ളത് കൊണ്ടാണ് വൈശാഖൻ. വാർത്ത ഒന്നേയുള്ളൂ.. എല്ലാ പത്രങ്ങൾക്കും ഒരു വാർത്ത..അപ്പോൾ നമ്മുടെ പത്രം വിറ്റു പോകാൻ നമ്മൾ ചിലത് ചെയ്യേണ്ടി വരും. മറ്റുള്ളവർ ചെയ്യാത്ത ചിലത്. എന്നാൽ പത്രം മാത്രമല്ല, ഏതൊരു ഉത്പന്നവും വിറ്റു പോകാൻ മറ്റൊരു വഴിയുണ്ട്. ഒരാഴ്ച്ച സമയം തരാം. താനാലോചിച്ചു കണ്ടുപിടിക്കാൻ പറ്റുമോന്ന് നോക്ക്”.
വെല്ലുവിളി മുന്നിലേക്ക് വലിച്ചെറിഞ്ഞ് സുഗുണൻ സർ പുറത്തേക്ക് പോയി.

സെൻസേഷനായിട്ടുള്ള വാർത്തകൾ..സ്കൂപ്പുകൾ..സ്റ്റിംഗ് ഓപറേഷനുകൾ..
ഇതൊക്കെ ഏവർക്കും അറിയാവുന്ന കാര്യങ്ങൾ.
സുഗുണൻ സർ ഉദ്ദേശിക്കുന്നത് മറ്റെന്തോ ആവണം.
അതു മാത്രം തെളിഞ്ഞു വരുന്നില്ല.
ചിന്തകൾക്കും ഭാരമുണ്ടാവണം. തലയ്ക്ക് നല്ല ഭാരം തോന്നുന്നു.
പരാജയം..പൂർണ്ണ പരാജയം.
തലവേദനയുടെ ആക്രമണം തീവ്രമായപ്പോൾ വൈശാഖൻ കമഴ്ന്നു കിടന്നുറങ്ങി.

ഒരാഴ്ച്ച ശേഷം, പരാജയം സമ്മതിച്ച് ഒരു മേശയ്ക്കപ്പുറമിപ്പുറമിരുന്ന്, ചൂട് കാപ്പിയൂതി തണുപ്പിക്കുന്നതിനിടയിൽ ഉപദേശകൻ ശരിക്കും ഒരാവതാരമായി. പരാജിതനോട് പരമരഹസ്യം ഉപദേശിച്ചു കൊടുത്തു.
“തനിക്കു ഞാനാ രഹസ്യം പറഞ്ഞു തരാം. വിശുദ്ധരഹസ്യം!. ആയിരം ദിവസം ആൽമരച്ചോട്ടിലിരുന്നിട്ടാ എനിക്കിതു കിട്ടിയത്. താൻ കേട്ടു വെച്ചൊ..ഉപകാരപ്പെടും..ഇന്നല്ലേൽ നാളെ“.

ചില നേരങ്ങളിൽ സുഗുണൻ സർ വല്ലാത്ത ഫോമിലായിരിക്കും. അപ്പോഴുള്ള സംസാരം കേട്ടിരിക്കുക വൈശാഖന് താത്പര്യമുള്ള കാര്യങ്ങളിലൊന്നാണ്.

അന്ന് ആ കോഫിഷോപ്പിൽ വെച്ച് ആ മാധ്യമരഹസ്യം സുഗുണൻ വൈശാഖന്റെ ചെവിയിലൊഴിച്ചു. ഒരു ഗൂഢരഹസ്യം വെളിവാക്കും വിധം ശബ്ദം താഴ്ത്തി, കണ്ണുകളിറുക്കി, തല താഴ്ത്തി സുഗുണൻ സംസാരിച്ചു തുടങ്ങി.
”ഞാനീ പറയുന്നത് ശ്രദ്ധിച്ചു കേട്ടോണം..തലമുറകളുടെ തലവര തിരുത്തിയെഴുതിയ മഹാരഹസ്യമാ“
വൈശാഖൻ തല കുനിച്ച്, പുരികങ്ങൾക്കിടയിൽ ശ്രദ്ധയെ മുറുക്കി വെച്ച് മുന്നിലിരുന്ന ഗുരുവിനെ കണ്ണെടുക്കാതെ നോക്കിയിരുന്നു.

”നമ്മൾ..അതായത് നമ്മൾ പത്രക്കാർ വാർത്തകളല്ല വിൽക്കുന്നത്..പിന്നെയോ?“
”പിന്നെ?“
”അഭിരുചികൾ!“
”വിഷകന്യകകളെ കുറിച്ച് കേട്ടിട്ടുണ്ടോ?“
”ഉം..“
”ഭക്ഷണത്തോടൊപ്പം ചെറിയ തോതിൽ വിഷം കൊടുക്കുക..അളവ് കൂട്ടിക്കൊണ്ടേയിരിക്കുക..അതിനു ശേഷം..“
”ശേഷം..?“
”ഭക്ഷണം കൊടുത്താൽ പോലും..വിഷം മതി എന്ന സ്ഥിതിയിലാവും..ആ സ്ഥിതിയിലായാൽ പിന്നീടെല്ലാം എളുപ്പമാണ്..“

ആര് ഏറ്റവും കൊടിയ വിഷം കൊടുക്കാൻ തയ്യാറാവുന്നോ അവർ വിജയിക്കും..വൈശാഖനു വെളിവ് നഷ്ടപ്പെട്ടു. ഇതല്ല വഴി. വഴി മാറി പോയിരിക്കുന്നു. ചൂണ്ടുപലകങ്ങൾ മുഴുവൻ ആരോ ചുണ്ണാമ്പ് തേച്ച് മായ്ച്ചു കളഞ്ഞിരിക്കുന്നു.

ഇവർ ആർക്കും വാർത്തകൾ വിളമ്പുന്നില്ല.
ഇവർ വായനക്കാരെ സൃഷ്ടിക്കുകയാണ്.
രോഗികളെ സൃഷ്ടിക്കുക..അവർക്ക് മരുന്നു വിൽക്കുക..
ഏറ്റവും ലളിതമായ തന്ത്രം.
ഏറ്റവും ലാഭകരമായ വ്യാപാരം.
ഏറ്റവും വിജയകരമായ പദ്ധതി..

“അതൊക്കെ തെറ്റല്ലെ എന്നു തന്റെ നിഷ്ക്കളങ്ക ഹൃദയം പറയും..എനിക്കറിയാം..
എന്നാൽ കേട്ടോളൂ..
പൂർണ്ണവിശ്വാസത്തോടെ ശരി എന്നു പറയാവുന്ന ഒരേയൊരു കാര്യമേയുള്ളൂ.
എല്ലാ തെറ്റുകളും തെറ്റല്ല എന്നും എല്ലാ ശരികളും ശരിയല്ല എന്നതു മാത്രം.
ശരി കലർന്ന തെറ്റുകളും, തെറ്റു കലർന്ന ശരികളും മാത്രമേ ഉള്ളൂ!.
ആ ഒരു വസ്തുത മാത്രമാണ് പൂർണ്ണമായ ശരി.
ഇപ്പോൾ തെറ്റിനു സ്വന്തമായി ഒരു നിലനിൽപ്പില്ലെന്ന് മനസ്സിലായില്ലെ?
ശരി കലർന്ന തെറ്റിനെ തെറ്റെന്ന് വിളിക്കുന്നതാണ് ശരിയായ തെറ്റ്!”

സുഗുണൻ സർ കാട് കയറുകയാണ്. തലയ്ക്കുള്ളിലെ ത്രാസ് ഇപ്പോഴും നിശ്ചലാവസ്ഥയിലായിട്ടില്ല. ഇനിയുമിത് അധികനേരം കേട്ടിരുന്നാൽ..
കാപ്പിക്ക് നന്ദി പറഞ്ഞു വൈശാഖൻ പുറത്തിറങ്ങി.
തണുപ്പ് വകവെയ്ക്കാതെ ചൂട് പിടിച്ച തല ചൊറിഞ്ഞ് വൈശാഖൻ നടന്നു.
അന്നാദ്യമായി അയാൾ വെറുത്തു.
തന്നെ..
തന്റെ ജീവിതത്തെ..
തന്റെ കൂടെ ജീവിക്കുന്നവരെ..
താൻ കൂടി ഭാഗമായ ഈ നശിച്ച ലോകത്തെ..

ഹോട്ടലിൽ നിന്നും ഉച്ചയൂണ് വാങ്ങി വിശപ്പിനു മുകളിലേക്ക് തട്ടിയിട്ടു കൊടുത്ത ശേഷമാണ് വൈശാഖൻ വീടന്വേഷിച്ചിറങ്ങിയത്. രണ്ടു ഭീമാകാരന്മാർക്കിടയിൽ ഞെരുങ്ങി നില്ക്കുന്ന ഒരു കുള്ളന്റെ ചിത്രമാണ് വീടു കണ്ടപ്പോഴാദ്യം തോന്നിയത്. അപ്പുറവുമിപ്പുറവും രണ്ടു മാളികകൾ. നടുവിലായി ഓടിട്ട ഒരു പഴയ കെട്ടിടം. പെയ്ന്റടർന്ന, തുരുമ്പിന്റെ ഭക്ഷണമായിക്കൊണ്ടിരിക്കുന്ന ഗേറ്റും കടന്ന് വൈശാഖൻ അകത്തു കടന്നു. മുൻവശത്ത് കുറച്ച് മുറ്റമുണ്ട്. വരണ്ടുണങ്ങിയ ചെടികൾ. കുറച്ച് ദിവസങ്ങളായി വെള്ളം കാണാത്ത പച്ച ജീവനുകൾ. വരാന്തയിൽ ഒരു തടി സ്റ്റൂളും രണ്ട് തടിക്കസേരകളും കാണുന്നുണ്ട്. തുറന്നു പോലും നോക്കാത്ത ചില പത്രങ്ങൾ.
വീടു മാറി പോയിട്ടില്ല. പക്ഷെ ഇതായിരുന്നില്ല മനസ്സിൽ പൊതിഞ്ഞു വെച്ച ചിത്രം.

“ഇതൊരു പഴേ കേസാണ്. താൻ അന്വേഷിക്കേണ്ടത് ഇത് എത്രത്തോളം നമുക്ക് ഗുണമുള്ളതാക്കുമെന്നാണ്. പേരു പറയാതെ ചില കളികൾ.
എപ്പോഴും ശ്രദ്ധിക്കേണ്ടത് വർഗ്ഗങ്ങൾ തമ്മിലുള്ള സമരങ്ങൾ എങ്ങനെ അണയാതെ നോക്കണം എന്നതാണ്. അണഞ്ഞതോ അണയാൻ പോകുന്നതോ ആയ സമരങ്ങൾ ഊതി ഊതി ജ്വലിപ്പിക്കണം. അതു കൊണ്ടുള്ള ഗുണങ്ങൾ ചെറുതല്ല”.
സുഗുണൻ സർ പറഞ്ഞതിലെ “ഗുണങ്ങൾ” മാത്രം വ്യക്തമായിരുന്നില്ല.
ചിലപ്പോൾ ഇപ്പോൾ വ്യക്തമാവുമായിരിക്കും.

“ആരുമില്ലേ?” എന്നു രണ്ടു വട്ടം ചോദിച്ചിട്ട്, അയാൾ വരാന്തയിലേക്ക് കയറി.
ഒരനക്കവുമില്ല.
ഒന്നു രണ്ട് ചുവടുകൾ കൂടി മുന്നോട്ട് വെച്ചു. പാതി തുറന്നു കിടന്ന വാതിലിലൂടെ ഉള്ളിൽ നിറഞ്ഞിരിക്കുന്ന ഇരുട്ട് കാണാം.
ഇരുട്ടിനെ എങ്ങനെയാണ് കാണുക?. ഇരുട്ടാവട്ടെ, വെളിച്ചമാവട്ടെ, കണ്ണിൽ നിറഞ്ഞാൽ ശരിയായ കാഴ്ച്ച അസാദ്ധ്യം.
എന്നാലിതുരണ്ടും കലരാതെ ഒന്നും കാണാനാവുകയുമില്ല.
വൈശാഖൻ ഇരുട്ടും വെളിച്ചവും പിണഞ്ഞു കിടന്ന ചിന്തകളുപേക്ഷിച്ചു വാതിലിൽ രണ്ടു മൂന്ന് വട്ടം വിരൽ കൊണ്ട് മുട്ടി.
മറുപടിയെന്നോണം ഇരുട്ടിൽ നിന്നും കഫം കഴുത്തു മുറുക്കിയ ചുമശബ്ദം കേട്ടു.
വൈശാഖൻ രണ്ടു ചുവട് പിന്നോക്കം മാറി നിന്നു.
ഒരു വൃദ്ധരൂപം ഇരുട്ടിൽ നിന്നിറങ്ങി വന്നു.
ഉറക്കക്ഷീണം നിറഞ്ഞു തൂങ്ങിയ കണ്ണുകൾ. നെഞ്ചു നിറയെ എഴുന്നു നിൽക്കുന്ന നരച്ച മുടികൾ.
നീളമില്ലാത്ത മുഷിഞ്ഞ കൈലി മുണ്ട് എണ്ണമയമില്ലാത്ത, പൊരി വന്നു തുടങ്ങിയ കാലുകൾ കാണിച്ചു തരുന്നുണ്ട്.

വൈശാഖൻ സ്വയം പരിചയപ്പെടുത്തി.
വീട്ടുകാരൻ ഒന്നും മിണ്ടാതെ, നിസ്സംഗതയോടെ തുറന്നു കിടന്ന തുരുമ്പിച്ച ഗേറ്റ് നോക്കി ഇരുന്നു.
ഇയാൾ തന്നോട് പോയ്ക്കൊള്ളാനാണൊ പറയുന്നത്?. വൈശാഖനു സംശയമായി.
ചിലപ്പോൾ ഈ വയസ്സായ ആളിനു നവമാധ്യമങ്ങളുടെ ശക്തിയേക്കുറിച്ച് ശരിയായ അവബോധമുണ്ടാവില്ല. അതോ ഉറക്കത്തിനിടയിൽ വിളിച്ചുണർത്തിയത് തീരെ ഇഷ്ടപ്പെട്ടിട്ടുണ്ടാവില്ല എന്നു വരുമൊ?.
“അമ്മാവാ, നിങ്ങടെ മോനെ സ്റ്റേഷനിൽ കൊണ്ടുപോയി തല്ലിച്ചതച്ചത് നമ്മുടെ പത്രത്തിൽ കൊടുത്താൽ അതിനു കൂടുതൽ ശ്രദ്ധ കിട്ടും. എന്തെങ്കിലും നടപടിയുണ്ടാവും, നഷ്ടപരി...”
അപ്പോഴേക്കും വൃദ്ധൻ ഞൊറി വന്നു തുടങ്ങിയ വലതു കൈ ഉയർത്തി ആ വാക്കിന്റെ വരവ് തടഞ്ഞു.
അപ്പോഴും അയാൾ വൈശാഖന്റെ നേർക്ക് നോക്കിയില്ല.
ഇങ്ങേർക്കെന്താ പത്രക്കാരോടിത്ര ദേഷ്യം?. വൈശാഖനു അവിടെ വന്നപ്പോൾ മുതൽ ഒരു തരം അസുഖകരമായ അനിഷ്ടം തോന്നിത്തുടങ്ങിയിരുന്നു.
“അമ്മാവാ..ഞാൻ പറയുന്നത് അമ്മാവനു മനസ്സിലാവുന്നുണ്ടോ?”
വൃദ്ധൻ തുരുമ്പു ഗേറ്റിൽ നിന്നും കണ്ണെടുക്കാതെ ചോദിച്ചു,
“മോൻ ഏതു പത്രത്തിൽ നിന്നാ?”
വൈശാഖൻ അഭിമാനത്തോടെ പേരു പറഞ്ഞു. അത്രയ്ക്കും അറിയപ്പെടുന്നതൊന്നുമല്ലേലും, തെറ്റില്ലാത്ത പ്രചാരമുള്ളതാണ്.
“അകത്ത് വന്ന് കാണുന്നില്ലേ?” വൈശാഖന്റെ നേർക്ക് നോക്കാതെ വൃദ്ധൻ ചോദിച്ചു.
ശരിയാണ്. വന്നത് അകത്ത് അവശനായി കിടക്കുന്ന ആളിനെ കാണാനാണ്. കൂടുതൽ വിവരങ്ങൾ ശേഖരിക്കാനാണ്.
ഏതറിവിന്റേയും പടികൾ കയറി പോകേണ്ടത് ചോദ്യങ്ങൾ ചോദിച്ചാണ്.
ഈ അമ്മാവനു അറിയില്ല പത്രത്തിന്റെ ശക്തി. ഒന്നു മഷി പുരണ്ട് വന്നോട്ടെ..
വൃദ്ധൻ പതിയെ തിരിഞ്ഞ് അകത്തേക്ക് പോയി. അകത്തേക്ക് ഇരുട്ടിലേക്ക് കയറും മുൻപ് ഒന്നു തിരിഞ്ഞു നോക്കി.
വൃദ്ധനെ പിന്തുടർന്നു പോകണോ വേണ്ടയോ എന്ന് സംശയിച്ചു നിൽക്കുകയായിരുന്നു വൈശാഖൻ.

അകത്തേക്ക് കയറിയതും വൈശാഖൻ നിന്നു. ഒരടി കൂടി മുന്നോട്ട് വെയ്ക്ക വയ്യ. കണ്ണു നിറയെ ഇരുട്ട്.. അപ്പോഴേക്കും മങ്ങിയ മഞ്ഞ വെളിച്ചം തെളിഞ്ഞു. കണ്ണിലേക്ക് കയറി വന്ന കാഴ്ച്ചയിൽ മുന്നിലൊരു കട്ടിലിൽ കിടക്കുന്ന രൂപമുണ്ടായിരുന്നു. വലതു കൈയ്യിൽ ഒരു വെളുത്ത കെട്ട്, അതിൽ നിന്നും ഒരു ചരട് കഴുത്തിലേക്ക് പോയിട്ടുണ്ട്. തലയിൽ ഒരു പ്ലാസ്റ്റർ. കിടക്കുന്ന രൂപത്തിനടുത്തേക്ക് മുഖം അടുപ്പിച്ചപ്പോൾ കണ്ടു, പോറലുകൾ നിറഞ്ഞ മുഖവും ശരീരവുമായി ഒരാൾ കണ്ണടച്ചു കിടക്കുന്നത്. മരുന്നുകളുടെ മണം. ഒരാശുപത്രി വാർഡിലേക്ക് കാലെടുത്തു വെച്ചതു പോലെ തോന്നി.

“ഫോട്ടോ എടുക്കുന്നില്ലേ?”
വൃദ്ധശബ്ദം വൈശാഖനു പിന്നിൽ നിന്നും മുന്നിലേക്ക് വന്നു.
വൈശാഖൻ ഒന്നും മിണ്ടാതെ ആ രൂപത്തിനെ തന്നെ നോക്കി നിൽക്കുകയായിരുന്നു.
രൂപത്തിന്റെ നെഞ്ചുംകൂട് പതിയെ ഉയർന്നു താഴുന്നുണ്ട്.
ഇയാൾ ഉറക്കമാണ്.
കൂടുതൽ വെളിച്ചം അല്പാല്പമായി കണ്ണിലേക്ക് കയറി വന്നു. ഇപ്പോൾ കാഴ്ച്ച കുറച്ചു കൂടി വ്യക്തമായി. അപ്പോഴാണ് കിടക്കുന്ന രൂപത്തിനെ ചുറ്റിപ്പിടിച്ച് കിടക്കുന്ന ഒരു മെല്ലിച്ച കൈ കൂടി കാണാൻ കഴിഞ്ഞത്. മെലിഞ്ഞ ഒരു പെൺകുട്ടി ആ രൂപത്തിനെ ചേർത്തു പിടിച്ചിരിക്കുകയാണ്. പുള്ളിയുള്ള പാവാടയാണവൾ ധരിച്ചിരിക്കുന്നത്.
പെൺകുട്ടിയുടെ വലതു കാൽ രൂപത്തിനെ പൊതിയും പോലെ ചേർത്തു വെച്ചിരിക്കുന്നു.
ആർക്കും ആ രൂപത്തിനെ വിട്ടു കൊടുക്കില്ല എന്ന ഭാവത്തിൽ..

വൈശാഖന്റെ കൈ ക്യാമറയിലേക്ക് നീണ്ടു. അയാൾ ക്യാമറ മറച്ചു പിടിക്കാനാണ് ശ്രമിച്ചത്.
“ഒന്നും ചോദിക്കുന്നില്ലേ?” ചതഞ്ഞ ശബ്ദം വീണ്ടും കേട്ടു.
അതിനു മറുപടി പറയാൻ നിൽക്കാതെ പതിയെ വൈശാഖൻ മുറിക്ക് പുറത്തേക്ക് നടന്നു. താൻ ചുരുങ്ങി ഒരു കടുകോളം ചെറുതായി പോയെന്നും എത്ര നടന്നിട്ടും വാതിൽ വരെയെത്താൻ കഴിയുന്നില്ലയെന്നും തോന്നി. കാലുകൾക്ക് ബലക്ഷയമനുഭവപ്പെടുന്നുണ്ട്.
മുറിക്ക് പുറത്തേക്ക് തല നീട്ടിയപ്പോൾ വലിയ ആശ്വാസമയാൾക്ക് തോന്നി.

വരാന്തയുടെ ഭാഗമായ അരമതിലിലിരുന്ന് വൈശാഖൻ മുഖം കൊടുക്കാതെ പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു,
“എനിക്ക്..എല്ലാമറിയണം..എന്തിനാണ് നിങ്ങളുടെ മകനെ പിടിച്ചു കൊണ്ട് പോയത്?..ശരിക്കും അയാൾ എന്തെങ്കിലും കുറ്റം..”
വൃദ്ധൻ പൊട്ടിത്തെറിക്കുമോ എന്ന ഭയന്നാണ് ചോദിച്ചത്.
എന്നാലത്ഭുതകരമാവിധം നിസ്സംഗതയോടെ പുറത്തേക്ക് നോക്കി ഇരിക്കുന്ന അയാളെ കണ്ട് വൈശാഖൻ വല്ലാണ്ടായി.
ഇയാൾക്ക് ഉച്ചത്തിൽ തന്നെ വഴക്കു പറയാം. പൊട്ടിത്തെറിച്ച് എല്ലാ വിവരങ്ങളും പറയാം. അമർഷത്തോടെ എല്ലാ വിവരങ്ങളും വിശദമായി ധരിപ്പിക്കാം.എന്നാൽ ഒന്നും പറയാതെ ഇരിക്കുന്നത്.. മൗനത്തിന്റെ ഭാരം അന്നാദ്യമായി വൈശാഖൻ അനുഭവിച്ചു.

വൈശാഖൻ അയാളെ സൂക്ഷിച്ചു നോക്കിയിരുന്നു. ഒരു വാക്കെങ്കിലും?
അയാൾ തടി സ്റ്റൂളിൽ കൂനിക്കൂടി ഇരിക്കുകയാണ്.
അതു കണ്ടപ്പോൾ ഒരു വലിയ പക്ഷി ചിറകുകളൊതുക്കിയിരിക്കുന്ന ചിത്രം കയറി വന്നു.

വൃദ്ധൻ നീണ്ട ഒരു ശ്വാസമെടുത്ത് പതിഞ്ഞ സ്വരത്തിൽ ചോദിച്ചു,
“മോനേത് പത്രത്തീന്നാ പറഞ്ഞത്?”
മറുപടി പറയുമ്പോൾ വൈശാഖനു തന്റെ ആത്മവിശ്വാസം പകുതിയും ആവിയായി പോയതായി തോന്നി.

“മോനിവിടെ ആദ്യായിട്ടാണൊ വരുന്നത്?”
“ഉം”
“ഈ വീട് കണ്ടോ?.. ചുറ്റിലുമുള്ള വീടുകളൊക്കെ കണ്ടൊ?”
“ഉം”

“ഇത് പത്തു സെന്റുണ്ട്. എന്റപ്പന്റെ സ്വത്താണ്..ഇതു മാത്രേ ഉള്ളു ഇപ്പൊ..തൊട്ടപ്പുറത്ത് ആരാ താമസിക്കുന്നതെന്നറിയാവൊ?”
“ഇല്ല”. താൻ അയൽക്കാരെ കുറിച്ച് അൽപമെങ്കിലുമറിയാൻ ശ്രമിക്കണമായിരുന്നു.
ആരോടെങ്കിലും ഈ സ്ഥലത്തെ വസ്തുതകൾ തിരക്കണമായിരുന്നു..
“അപ്പുറത്ത് ഒരു പോലീസ് ഉദ്യോഗസ്ഥനാ..”
“ഉം”
“ഇപ്പുറത്ത് താമസിക്കുന്നത് അയാളുടെ ഒരു ബന്ധുവാ”
“ഉം”
“കുറച്ച് വർഷങ്ങൾക്ക് മുൻപ് വരെ ഇവിടെ ഒന്നു രണ്ട് ചെറിയ വീടുകൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ.. ചുറ്റുമുള്ള വലിയ വീടുകളൊക്കെ അടുത്ത കാലത്ത് വന്നതാ. കണ്ടില്ലെ എന്റെ ഈ വീടു മാത്രം ഒരു അശ്രീകരം പോലെ ബാക്കി വീടുകൾക്കിടയിലിരിക്കുന്നത്?” അതു പറഞ്ഞ് അയാൾ ശബ്ദമില്ലാതെ ചിരിച്ചു.
വൈശാഖൻ അതിനു മൂളിയില്ല.
“കുറച്ച് മാസങ്ങൾക്ക് മുൻപ് ഇവിടെ ഒരാൾ വന്ന് ഈ വസ്തു കൊടുക്കുന്നോ എന്ന് ചോദിച്ചു. എങ്ങനെ കൊടുക്കാനാണ്? എന്നിട്ട് എവിടെ പോകാനാണ്? എന്റെ പീടിക ഇവിടെ അടുത്താണ്. എന്റെ അപ്പനെ അടക്കിയത് ഈ പറമ്പിലാണ്..ഈ മണ്ണിൽ..ഞാൻ വളർന്നത് ഇവിടെയാണ്..ഞാൻ മരിക്കണതും ഇവിടെ ആവും..എന്റെ അപ്പന്റെ അടുത്ത്..
അന്ന് അയാളു പോയ ശേഷം ഇവിടെ വേറേയും പലരും വന്നു വസ്തു വിൽക്കുന്നോ എന്നു ചോദിക്കാൻ തുടങ്ങി. ഞാൻ സമ്മതിക്കുന്നില്ലാന്ന് കണ്ടപ്പോ, അവരു ഭീഷണിയായി..“
”എന്നിട്ട് പോലീസിൽ പോയി പരാതി പറഞ്ഞില്ലേ?“
”കക്കുന്നവരോടെങ്ങനെ കട്ടവനെ കുറിച്ച് പരാതി പറയും?“ അയാളതു പറഞ്ഞത് കുറച്ചുറക്കെയായിരുന്നു.
”അതെന്താ?“
”ഈ വസ്തു വാങ്ങാൻ ആളെ വിട്ടതൊക്കെ അപ്പുറത്തെ പോലീസുകാരൻ തന്നെയാ..
ഒരു ദിവസം എന്റെ പീടിക ആരോ കുത്തിത്തുറന്ന് എല്ലാമെടുത്തോണ്ട് പോയി.“
”പരാതി പറഞ്ഞില്ലെ?“
”ആരോട്?..പരാതി പറയാൻ പോയതാ..അന്നയാൾ പറഞ്ഞത്..“തന്നോടന്നേ പറഞ്ഞില്ലെ കുടുംകുട്ടക്കേമൊക്കെ എടുത്ത് സ്ഥലം വിട്ടോളാൻ..ഇപ്പോ കണ്ടില്ലെ?” എന്ന്..“
”എന്നിട്ട് കള്ളനെ പിടിച്ചോ?“
”ഇല്ല..അതിലും വലിയ കാര്യങ്ങളൊക്കെ നടക്കുമ്പോ..“
”അമ്മാവന്റെ മോന്..ശരിക്കും എന്താ പറ്റീത്?“
”അയാളിപ്പോ എന്റെ മോന്റെ പിറകേയാ..“
”ഉം?“
”അവൻ ജോലി ചെയ്യുന്നിടത്ത് എന്തോ തിരിമറി കണ്ടെന്നും പറഞ്ഞ് അവനെ പിടിച്ചോണ്ട് പോയി..പിന്നെ വന്നത് ഇങ്ങനെയാ..“
”...“
”ഞങ്ങളെ എങ്ങനേലും ഇവിടന്ന് പുറത്താക്കണം അതിനാ..ഇതൊക്കെ..“
വൈശാഖൻ ചുമരിലേക്ക് കണ്ണയച്ചു.
പെയ്ന്റടർന്ന ചുവരിൽ തൂങ്ങി കിടപ്പുണ്ടായിരുന്നു, മങ്ങിയ തടി ഫ്രേയ്മിനുള്ളിൽ ചില പഴയ നേതാക്കളുടെ ചിത്രങ്ങൾ.
”അമ്മാവൻ..പാർട്ടിയോട് ഇതൊന്നും പറഞ്ഞില്ലെ?“
”ഉം...പാർട്ടിക്ക് എന്നെ കൊണ്ടെന്തു ഗുണം?..അതൊക്കെ പണ്ടല്ലെ?..ഗുണമുള്ളോരുടെ കൂടെയല്ലെ പാർട്ടി?..എന്റെ കൈയ്യിലെവിടെ പണം?“
”എങ്കിലും..ഒരാളെങ്കിലും..“
”ഒരാളോ?..ഒരാളു വിചാരിച്ചാൽ എന്തു നടക്കാനാ?..മോൻ ഒറ്റയ്ക്കല്ലെ?..മോനു എന്തു ചെയ്യാൻ പറ്റും?“
”എനിക്കിതു പത്രത്തിൽ കൊടുക്കാൻ പറ്റും“
”കൊടുത്തിട്ട്?..എത്ര നാളിതൊക്കെ ആളുകള് വായിക്കും?..ഇതു പത്രത്തിൽ വന്നാ പിന്നെ അതിനും അയാള്..“
”എന്നിട്ട് അമ്മാവൻ എന്തു ചെയ്യാൻ പോവാണ്?“

”എന്തു ചെയ്യാനാണ്?..എന്റെ മരണം വരെ ഇങ്ങനെ പോവും..അതിനു ശേഷം..അവന്റെ മോൾക്കാണേൽ അമ്മയില്ല..ദൂരെ എവിടേലും പോയി അവളെ വേറേ പള്ളിക്കൂടത്തിൽ ചേർത്ത് പഠിപ്പിക്കാനൊ, എന്റെ പീടിക വിറ്റിറ്റ് പോവാനൊ...അതൊന്നും നടക്കുല മോനെ..“
വൈശാഖൻ അയാളെ തന്നെ നോക്കിയിരുന്നു..എന്താണിയാളോട് പറയേണ്ടത്?. പ്രശ്നങ്ങൾ സ്വന്തം ജീവിതത്തിൽ നടന്നു കയറുമ്പോൾ മാത്രമാണ് അതിനു പ്രശ്നങ്ങളുടെ മുഖം വരുന്നത്...അതു വരെ അതെല്ലാം വെറും വാർത്തകൾ..മറന്നു പോകാൻ സൗകര്യമുള്ള വാർത്തകൾ..വാർത്തകളെ മൂടാനും മറയ്ക്കാനും കെൽപുള്ള ഒന്നെയുള്ളൂ..പുതിയ വാർത്തകൾ..
ഇവിടെ ഈ ചെറിയ മണ്ണിൽ എത്രയെത്ര വിഷമപ്രശ്നങ്ങൾ..എത്രയെത്ര
തർക്കവിഷയങ്ങൾ..അതിനൊക്കെയും ഉത്തരങ്ങളോ പരിഹാരമോ...എല്ലാം മാഞ്ഞ്
പോയിട്ടേയുള്ളൂ..ഒന്നുകിൽ കാലത്തിന്റെ ഒഴുക്കിൽ..അല്ലെങ്കിൽ മറവിയിൽ..ആയുസ്സില്ലാത്ത വാർത്തകളായി എത്ര പ്രശ്നങ്ങൾ അനാഥരായി കൊണ്ടിരിക്കുന്നു..
”മോനെന്തേലും കുടിക്കാനെടുക്കട്ടെ?“.
കൂട്ടി വെച്ചു കൊണ്ടിരുന്ന ചിന്തകൾ ആ ചോദ്യത്തിൽ ചിതറി പോയി.
”വേണ്ട അമ്മാവാ..ദാഹമില്ല.“
വൈശാഖനു അവിടെ തന്നെ ഇരിക്കണമെന്നും അടുത്ത നിമിഷം അവിടെ നിന്നും ഇറങ്ങി നടക്കണമെന്നും തോന്നി.
താൻ വന്ന കാര്യം കഴിഞ്ഞിരിക്കുന്നു. ഇനി ഇവിടെ..?.
ഇനി ഇതേക്കുറിച്ച് എഴുതുകയോ എഴുതാതിരിക്കുകയോ ചെയ്യാം..

”നേരം.. ഇരുട്ടി തുടങ്ങീലെ..“ അതും പറഞ്ഞ് വൈശാഖൻ പതിയെ എഴുന്നേറ്റു.
പോക്കറ്റിലേക്ക് കൈ നീട്ടിയപ്പോൾ കിട്ടിയത് നൂറിന്റെ കുറച്ച് നോട്ടുകളാണ്.
”അമ്മാവാ..ഇതിരിക്കട്ടെ..എന്തേലും..“ അതും പറഞ്ഞു ചുളിവു വീണ കൈകൾ പിടിച്ചതായിരുന്നു.
”അയ്യോ..വേണ്ട വേണ്ട..“ അയാൾ കൈകൾ പിന്നിലേക്ക് വലിച്ചു.
”ഞാൻ..ഞാനിനിയും വരാം..“ അത്രയുമേ വൈശാഖനു പറയാൻ പറ്റിയുള്ളൂ..
ഇരുട്ടു നിറഞ്ഞു തുടങ്ങിയ മുറ്റത്തു കൂടി നടക്കുമ്പോൾ വൈശാഖനു തോന്നി, പിന്നിൽ ആ പടിക്കലിൽ തന്നെ നിന്ന് തന്നേയും നോക്കി ആ വൃദ്ധൻ അവിടെ തന്നെ നിൽപ്പുണ്ടാവുമെന്ന്.
പ്രതീക്ഷകളോ, പരിഹാരവഴികളൊ ഇല്ലാതെ.. നിസ്സംഗനായി..
ഒരു പക്ഷെ..താൻ പോയി കഴിയുമ്പോൾ അയാൾ അപ്പന്റെ കുഴിമാടത്തിലേക്ക് നോക്കുമായിരിക്കും..

നടക്കുമ്പോൾ വൈശാഖന്റെ തല കുനിഞ്ഞിരുന്നു. അയാൾക്ക് പിന്നിലേക്ക് ഒരു വട്ടം കൂടി നോക്കണമെന്നുണ്ടായിരുന്നെങ്കിലും ആവുംവിധമതു നിയന്ത്രിച്ചു.
അപ്പോഴറിഞ്ഞു, ഒരു വാചകം തനിക്ക് വല്ലാത്ത സ്വൈര്യക്കേട് തന്നു കൊണ്ടിരിക്കുന്നു.
ഉള്ളിലെവിടെയോ തറഞ്ഞു പോയ ചില വാക്കുകൾ.
“..ഒരാളു വിചാരിച്ചാൽ എന്തു നടക്കാനാ?..മോൻ ഒറ്റയ്ക്കല്ലെ?..മോനു എന്തു ചെയ്യാൻ പറ്റും?”
തനിക്ക് ഒന്നും ചെയ്യാൻ പറ്റില്ല..ശരിയാണയാൾ പറഞ്ഞത്..
താൻ വെറുമൊരു ഭീരുവാണ്..അശക്തനാണ്...തനിക്ക് ചെയ്യാൻ കഴിയുമെന്നു വിശ്വസിക്കുന്നത് പോലും ചെയ്യാനാവില്ല.
തന്റെ പ്രവൃത്തികൾ ലക്ഷ്യമില്ലാത്ത അസ്ത്രങ്ങളായി പോവും. ലക്ഷ്യം കാണുന്നതു പോലും മുനയോടിഞ്ഞ് താഴെ വീണു പോവും.
പരിഹരിക്കാനാവാത്ത പ്രശ്നങ്ങളുടെ വിധി മറവിയാണ്..
അതിൽ തനിക്കൊന്നും ചെയ്യാനാവില്ല..
ആരുമറിയാതെ, ആരുമോർക്കാതെ, ആരുമില്ലാതെ പോവും ചില വാർത്തകൾ..ചില മനുഷ്യർ..ചില ജീവിതങ്ങൾ..

അയാൾ വെളിച്ചം വിതറി നിന്ന ഒരു വൈദ്യുത പോസ്റ്റിനടുത്തെത്തിയപ്പോൾ നിന്നു.
പോക്കറ്റിൽ നിന്നും പേനയെടുത്ത് അതിലേക്ക് തന്നെ നോക്കി നിന്നു.
വാർത്തകളെഴുതുന്നതിലും നല്ലത് സ്വയം ഒരു വാർത്ത ആവുന്നതാണ്.
അയാൾ തിരിഞ്ഞു നടക്കാൻ തുടങ്ങി.

രണ്ടു മാളികൾക്കിടയിൽ പതുങ്ങിയിരിക്കുന്ന ആ ചെറിയ കുര..
അയാൾ മാളികയുടെ മുന്നിൽ വന്നു നിന്നു ചുറ്റിലും നോക്കി.
വഴിയുടെ ഒരു വശത്തായി റോഡ് പണിക്കായി കൂട്ടിയിരുന്ന ചെറിയ കരിങ്കൽ കഷ്ണങ്ങൾ..

ആദ്യത്തെ കല്ലു പാഞ്ഞു ചെന്നു ലക്ഷ്യം കണ്ടതു ഒന്നാം നിലയിലെ ചില്ലിലായിരുന്നു. രണ്ടാമത്തേതിനു കുറച്ചു കൂടി കൃത്യത വേണ്ടിയിരുന്നു.
മുൻവശത്ത് പാർക്ക് ചെയ്തിരുന്ന കാറിന്റെ ചില്ല്..
മൂന്നാമത്തേത് ഇടതു ചൂണ്ടു വിരൽ കാട്ടിയ ദിശയിലേക്ക് പായുമ്പോൾ ചിലർ ശബ്ദമുണ്ടാക്കി കൊണ്ട് കതക് തുറന്നു വരുന്നത് അവ്യക്തമായി കണ്ടു..
അയാൾ കൂടുതൽ കല്ലുകളെടുക്കാനായി കുനിഞ്ഞു..
അയാളുടെ പേന പോക്കറ്റിൽ നിന്നും താഴെ വീണു പോയിരുന്നു. നിവരുമ്പോൾ മുന്നിൽ കൂടി ഒരു സൈക്കിൾ ബെല്ലടിച്ചു കൊണ്ട് വേഗത്തിൽ പോയി. അയാൾ മാളികയിലേക്ക് നോക്കി. രണ്ടാം നിലയിലെ മുറിയിൽ വെളിച്ചം തെളിഞ്ഞിട്ടുണ്ടിപ്പോൾ. ചുറ്റിലും നോക്കി. ആരുമില്ലിപ്പോൾ. ആരും തന്റെ നേർക്ക് ഓടി വരുന്നില്ല. കെട്ടിടത്തിന്റെ മുൻ വശത്ത് പാർക്ക് ചെയ്തിരുന്ന കാറിന്റെ ചില്ലിൽ ഒരു പോറൽ കൂടിയില്ല. ശരീരം മുഴുക്കെയും വിയർത്തിരിക്കുന്നു. കൈയ്യിൽ നിന്നും കല്ല് അയാളറിയാതെ വഴുതി താഴേക്ക് വീണു.
തെരുവിളക്കിന്റെ വെളിച്ചത്തിനു കീഴെ അയാൾ തല കുനിച്ചു നിന്നു. പിന്നീട് സാവധാനം ഇരുട്ട് വീണു കിടക്കുന്ന വഴിയിലൂടെ നടന്നു തുടങ്ങി.